# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2763 17.10.2016 ൽ മറുപടിയ്ക്ക്

## കേരളത്തിലെ സ്ത്രീ തടവുകാർ

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ ജയിലുകളിൽ എത്ര വനിതകൾ നിലവിൽ തടവു ശിക്ഷ അനുഭവിച്ച് വരുന്നുവെന്ന് വ്യക്തമാക്കാമോ ; | (എ) | 65 വനിതകൾ |
| (ബി) | ഇവർക്ക് പരോൾ അനുവദിക്കുന്നതിനും ശിക്ഷ കാലാവധി കുറച്ചു നൽകുന്നതിനും പ്രത്യേക പരിഗണന നൽകുന്നുണ്ടോ ; | (ബി) | വനിതാ തടവുകാർക്ക് പരോൾ അനുവദിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നില്ല. എന്നാൽ ശിക്ഷാ കാലാവധി കുറച്ചു നൽകുന്ന കാര്യത്തിൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പ്രത്യേക പരിഗണന നൽകുന്നുണ്ട്. |
| (സി) | പുരുഷ തടവുകാർക്കും സ്ത്രീ തടവുകാർക്കും പ്രത്യേകം മാനദണ്ഡങ്ങൾ നിലവിലുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ? | (സി) | പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ട്. 2014 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ 464 പ്രകാരം ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവരും എന്നാൽ ക്രിമിനൽ നടപടിക്രമം 433 (A) യുടെ പരിധിയിൽ വരാത്തവരുമായ വനിതാ തടവുകാരുടെ കേസുകൾ ശിക്ഷായിളവ് ഉൾപ്പെടെ ഏഴു വർഷം പൂർത്തിയാകുമ്പോൾ മോചനത്തിന് പരിഗണിക്കാവുന്നതാണ്. എന്നാൽ പുരുഷ തടവുകാരെ ഇപ്രകാരം പരിഗണിക്കുന്നതിന് ഇളവുൾപ്പെടെ 10 വർഷം ശിക്ഷ പൂർത്തിയാക്കേണ്ടതുണ്ട്.<br>ജീവപര്യന്തം തടവ് ഒഴികെയുള്ള ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് ശിക്ഷിക്കപ്പെട്ട സ്ഥിരം കുറ്റവാളികൾ അല്ലാത്ത വനിതാ തടവുകാരെ യഥാർത്ഥ ശിക്ഷയുടെ പകുതിയോ ഏഴുവർഷമോ ഏതാണോ കുറവ് എന്ന വ്യവസ്ഥയിൽ മോചനത്തിന് പരിഗണിക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള പുരുഷ |

| | | | |
|---|---|---|---|
| | | | തടവുകാരുടെ കാര്യത്തിൽ അവർ ഇളവുൾപ്പെടെ ശിക്ഷയുടെ പകുതി പൂർത്തിയാക്കിയിരിക്കണം.<br>ക്രിമിനൽ നടപടിക്രമം 433 (A) യുടെ പരിധിയിൽ വരാത്ത 55 വയസ് കഴിഞ്ഞ സ്ത്രീകളായ ശിക്ഷാ തടവുകാരുടെ ശിക്ഷയുടെ 1/3 പൂർത്തിയാക്കുന്ന മുറയ്ക്ക്, ഇളവ് ഉൾപ്പെടെ കുറഞ്ഞത് ഒരു വർഷം ജയിലിൽ കഴിഞ്ഞിരിക്കണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ മോചനത്തിന് പരിഗണിക്കാവുന്നതാണ്. എന്നാൽ പുരുഷ തടവുകാരെ ഇപ്രകാരം പരിഗണിക്കുന്നതിന് അവർ 65 വയസ്സ് പൂർത്തിയാക്കിയിരിക്കണം. |

സെക്ഷൻ ഓഫീസർ